"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഒറ്റപ്പാലം നഗരസഭ - ദേവ് ബിൽഡേഴ്സ് എന്ന സ്ഥാപനത്തിന് പെർമിറ്റ് അനുവദിച്ചതുമായി ബന്ധപ്പെട്ട ക്രമക്കേട് - വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രാഥമിക അന്വേഷണ റിപ്പോർട്ട് - വിരമിച്ച സൂപ്രണ്ട് ശ്രീ.അയ്യപ്പൻ.യു-ന് എതിരെ ആരംഭിച്ച അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.2053/2025/LSGD തീയതി,തിരുവനന്തപുരം, 18-08-2025

---

പരാമർശം:-

1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 21.12.2019 തീയതിയിലെ E12(PE26/18/PKD)16462/18 നമ്പർ കത്തും അനുബന്ധ രേഖകളും.
2. ശ്രീ.അയ്യപ്പൻ.യു-ന് നൽകിയ 28.03.2025 തീയതിയിലെ ഇയു1/156/2022-തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
3. ശ്രീ.അയ്യപ്പൻ.യു സമർപ്പിച്ച 03.06.2025 തീയതിയിലെ ഇടക്കാല മറുപടി.
4. സർക്കാരിന്റെ 20.06.2025 തീയതിയിലെ ഇയു1/156/2022-തസ്വഭവ നമ്പർ കത്ത്.
5. പ്രിൻസിപ്പൽ ഡയറക്ടറുടെ 25.06.2025 തീയതികളിലെ LSGD/PD/7480/2023-VIGD1 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം നഗരസഭയിൽ ബിൽഡിംഗ് പെർമിറ്റ് ലഭിക്കുന്നതിനായി നഗരസഭയിലെ 2 കൗൺസിലർമാർ ദേവ് ബിൽഡേഴ്സ് എന്ന സ്ഥാപനത്തോട് ലക്ഷങ്ങൾ കൈക്കൂലിയായി ആവശ്യപ്പെട്ടു എന്ന ആരോപണത്തിന്മേൽ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പാലക്കാട് യൂണിറ്റ് പ്രാഥമിക അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു. 1967 ലെ ലാന്റ് യൂട്ടിലൈസേഷൻ ഉത്തരവ് പ്രകാരം ഒരു പ്രത്യേക ആവശ്യത്തിനായി ഒരു വ്യക്തിക്ക് അനുവദിച്ച KLU ഉത്തരവ് ടി ഭൂമി കൈമാറ്റം ചെയ്യുമ്പോൾ കൈമാറ്റം ലഭിച്ച ആൾക്ക് നിയമപരമായി കെ.എൽ.യു ബാധകമാവുന്നില്ല എന്ന് G 36809/2019 dtd 24/07/2019 നമ്പർ കത്ത് പ്രകാരം ഒറ്റപ്പാലം RDO റിപ്പോർട്ട് ചെയ്തിട്ടുള്ളതാണെന്നും ഇക്കാര്യം പരിഗണിക്കാതെ രേഖകളും സ്ഥലവും പരിശോധന നടത്തേണ്ട ഉദ്യോഗസ്ഥർ ആയത് ശരിയായ വിധം പരിശോധിക്കാതെയും കെട്ടിടനിർമ്മാണ അനുമതി കൊടുത്തത് നിയമവിരുദ്ധമാണെന്നും ദേവ് ബിൽഡേഴ്സ് എന്ന സ്ഥാപനത്തിന് കെട്ടിട നിർമ്മാണ അനുമതി നൽകിയത് The Kerala Conservation of Paddy land and Wet land Utilization Act 2008 Sec 14- ന്റെ ലംഘനം ആണെന്നും കെട്ടിട നിർമ്മാണത്തിനുള്ള പെർമിറ്റ് പുതുക്കി നൽകൽ, അനധികൃത നിർമ്മാണം റഗുലറൈസ് ചെയ്ത് നൽകൽ, ഒക്യുപൻസി നൽകൽ തുടങ്ങിയ കാര്യങ്ങളിൽ ആയത് കൈകാര്യം ചെയ്തുവന്നിരുന്ന ഉദ്യോഗസ്ഥർ കാലതാമസം വരുത്തിയതായും വിജിലൻസ് അന്വേഷത്തിൽ കണ്ടെത്തിയിരുന്നു.

2.മേൽ ക്രമക്കേടിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽനിന്ന് വിശദീകരണം വാങ്ങി ഉചിതമായ വകുപ്പുതല നടപടികൾ സ്വീകരിക്കുവാൻ വിജിലൻസ് ഡയറക്ടർ ശിപാർശ ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ മുൻ റവന്യൂ ഇൻസ്പെക്ടർ ആയിരുന്ന ശ്രീ. അയ്യപ്പൻ.യു വിശദീകരണം സമർപ്പിക്കുകയും വിശദീകരണത്തിൽ പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു. ടി വിഷയത്തിൽ നിലം ക്ലാസിഫിക്കേഷനിൽ ഉൾപ്പെട്ട സ്ഥലത്ത് 30/06/2012-ന് E2-BA/154/12-13 നമ്പർ പ്രകാരം പെർമിറ്റ് അനുവദിച്ചു നൽകുന്ന സമയത്ത് ദേവ് ബിൽഡേഴ്സിനോ സ്ഥലം ഉടമ അബ്ദുൾ റഹ്മാൻ ഹാജിക്കോ ടി സ്ഥലത്ത് കെട്ടിട

നിർമ്മാണത്തിനുള്ള അനുമതി ലഭ്യമായിട്ടില്ല എന്നുള്ള വിവരം ആദ്യമായി പെർമിറ്റ് അനുവദിക്കുന്ന സമയത്ത് തയ്യാറാക്കിയ ഫയൽ നോട്ടിന്മേൽ എവിടെയും പരാമർശിക്കാതിരുന്നത് റവന്യൂ ഇൻസ്പെക്ടർ ശ്രീ. അയ്യപ്പൻ.യു എന്നവരുടെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചയാണെന്നും KLU സംബന്ധിച്ച യാതൊരു വിവരവും പരാമർശിക്കാത്തതും ടിയാന്റെ ഭാഗത്ത് നിന്നുണ്ടായിട്ടുള്ള വീഴ്ചയാണെന്നും ടിയാൻ 30/04/2022 തീയതിയിൽ സൂപ്രണ്ട് തസ്തികയിൽനിന്നും വിരമിച്ചിട്ടുള്ളതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

3.തുടർന്ന് ശ്രീ. അയ്യപ്പൻ.യു 30/04/2022 തീയതിയിൽ സൂപ്രണ്ട് തസ്തികയിൽനിന്നും വിരമിച്ചിട്ടുള്ളതിനാൽ ടിയാനെതിരെ KSR Part III Rule 59(d) പ്രകാരം അച്ചടക്ക നടപടി ആരംഭിച്ച് പരാമർശം (2) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. കാരണം കാണിക്കൽ നോട്ടീസ് ടിയാൻ 24.05.2025 തീയതിയിൽ കൈപ്പറ്റുകയും പരാമർശം (3) പ്രകാരം ഇടക്കാല മറുപടി നൽകുകയും രേഖകൾ പരിശോധിക്കാൻ അനുമതി ആവശ്യപ്പെടുകയും പരാമർശം (4) പ്രകാരം രേഖകൾ പരിശോധിക്കാൻ അനുതി നൽകുകയും ചെയ്തിരുന്നു. ബന്ധപ്പെട്ട ഫയൽ പരിശോധിക്കാൻ 30.06.2025-ന് സമയം അനുവദിക്കണമെന്ന് ടിയാൻ ആവശ്യപ്പെടുകയും അന്നേ ദിവസം ടിയാൻ നേരിട്ട് ഹാജരാകുകയും വിശദമായ മറുപടി നൽകുന്നതാണെന്ന് അറിയിക്കുകയും ചെയ്തിരുന്നു. എന്നാൽ ടിയാൻ മറുപടി ഇതുവരെ ലഭ്യമാക്കിയിരുന്നില്ല. ശ്രീ. അയ്യപ്പൻ.യു സമർപ്പിച്ച ഇടക്കാല മറുപടിയിൽ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു.

4.ശ്രീ. അയ്യപ്പൻ യു സമർപ്പിച്ച ഇടക്കാല മറുപടിയിലെ വാദങ്ങൾ അംഗീകരിക്കാൻ സാധിക്കുകയില്ലെന്ന് പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ച സാഹചര്യത്തിലും കാരണം കാണിക്കൽ നോട്ടീസിന് വിശദമായ മറുപടിയൊന്നും സമർപ്പിച്ചിട്ടില്ലാത്ത സാഹചര്യത്തിലും ടിയാൾക്കെതിരെയുള്ള അച്ചടക്ക നടപടിയുമായി മുന്നോട്ട് പോകുന്നതിന്റെ ഭാഗമായി ഔപചാരിക അന്വേഷണം നടത്തേണ്ടതുണ്ടെന്ന് കാണുന്നു.

5.ആയതിനാൽ ഒറ്റപ്പാലം നഗരസഭയിൽ ദേവ് ബിൽഡേഴ്സ് എന്ന സ്ഥാപനത്തിന് പെർമിറ്റ് അനുവദിച്ചതുമായി ബന്ധപ്പെട്ട ക്രമക്കേടിൽ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തി പ്രാഥമിക അന്വേഷണത്തിന്റെ റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ 30/04/2022 തീയതിയിൽ സൂപ്രണ്ട് തസ്തികയിൽനിന്നും വിരമിച്ച ശ്രീ. അയ്യപ്പൻ യു-ന് എതിരെ KSR Part III Rule 59(d) പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി തുടരുന്നതിന്റെ ഭാഗമായി ടിയാൾക്കെതിരെയുള്ള ആരോപണങ്ങളെ സംബന്ധിച്ച് ഔപചാരിക അന്വേഷണം നടത്തുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് പാലക്കാട് ജില്ലാ ജോയിന്റ് ഡയറക്ടറെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ച് ഉത്തരവാകുന്നു.

6.പാലക്കാട് ജില്ലാ ജോയിന്റ് ഡയറക്ടർ ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനുള്ളിൽ , അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ജില്ലാ ജോയിന്റ് ഡയറക്ടർ, പാലക്കാട്( പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ശ്രീ. അയ്യപ്പൻ യു, വിരമിച്ച സൂപ്രണ്ട് ( പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.(ഇയു1/156/2023-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 18-08-2025 12:13:46
സെക്ഷൻ ഓഫീസർ